3755
31/3/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - ഔവ്വർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതിക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

### സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 200/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം:28.03.2015.

==========================================================================

പരാമർശം:- 1. 06.05.2014-ലെ സ.ഉ. (സാധാ) നം. 310/2014/സാ.നീ.വ. നമ്പർ ഉത്തരവ്.
2. 23.01.2015-ലെ സ.ഉ. (പി) നം. 48/2015/ധന. നമ്പർ ഉത്തരവ്.
3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.01.2015, 12.03.2015 തീയതികളിലെ പി6/11781/2012/കെ.എസ്.എസ്.എം. നമ്പർ കത്തുകൾ.

### ഉത്തരവ്

സംസ്ഥാനത്ത് ഔവ്വർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തെ '2235-60-200-72(14)' (പി) ശീർഷകത്തിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി തുകയിൽ 20.48 ലക്ഷം രൂപ മാത്രമേ നടപ്പു സാമ്പത്തിക വർഷം മാർച്ച് 31-നകം വിനിയോഗിക്കുവാൻ സാധിക്കുകയുള്ളു എന്നും ബാക്കി തുക 30.09.2015-നുള്ളിൽ ചെലവഴിക്കാൻ സാധിക്കുമെന്നും ടി 50 ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നം. 15146-ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകണമെന്നും പരാമർശ കത്തുകൾ പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഔവ്വർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുള്ള 50 ലക്ഷം രൂപയിൽ 31.03.2015 വരെ

ചെലവഴിക്കാനുദ്ദേശിക്കുന്ന 20.48 ലക്ഷം രൂപ (ഇരുപത് ലക്ഷത്തി നാൽപ്പത്തി എണ്ണായിരം രൂപ മാത്രം) '2235-60-200-72(14)' (പി) ശീർഷകത്തിൽ നിന്നും റിലീസ് ചെയ്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നം. 15146 ലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയുന്നതിന് അനുമതി നൽകിയും അവശേഷിക്കുന്ന 29.52 ലക്ഷം രൂപ (ഇരുപത്തിയൊൻപത് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) പരാമർശം (2) പ്രകാരം ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. നടപ്പു സാമ്പത്തിക വർഷം ചെലവഴിക്കേണ്ട തുക അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സാമൂഹ്യനീതി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷാ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27.03.2015-ലെ അനൗദ്യോഗിക കുറിപ്പ് നം. 10853/ഡബ്ല്യൂ.ഡബ്ല്യൂ.2/15/ധന പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.